**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ വൈമാനിക മേഖലകൾ അടക്കമുള്ള പുതുതലമുറ തൊഴിൽ മേഖലകളിലേക്ക് എത്തുവാൻ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് കോമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി അവരെ കോമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'വിങ്സ്'.<br><br>തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയന വർഷവും 3 പട്ടികജാതി വിദ്യാർത്ഥികൾക്കും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും കോമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു.<br><br>തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകികൊണ്ട് ഓരോ അധ്യയന വർഷവും തെരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ടി സ്ഥാപനത്തിൽ കോമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എയർ ലൈൻ ആൻഡ് എയർ പോർട്ട് മാനേജ്മെന്റ്, എയർ ലൈൻ കസ്റ്റമർ സർവീസ് , ലോജിസ്റ്റിക്സ് എന്നീ 3 കോഴ്സുകളിലായി 215 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട് . നടപ്പ് സാമ്പത്തിക വർഷം 40 പേർക്ക് മേഖലയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ